## കൃഷി (സുജലം സുഫലം)

ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുളള കൃഷിവികസനം. കൃഷി ആസൂത്രണം മുതൽ വിപണിയിലെത്തിക്കൽ വരെയുള്ള സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികൾ ആവിഷ്കരിച്ച് കാർഷികമേഖലയെ ഉണർത്താനും കർഷകർക്ക് നവാവേശം നൽകാനും ഉദ്ദേശിച്ചുള്ള പദ്ധതികളാണ് 'ഹരിതകേരളം' പദ്ധതിയിലൂടെ നടപ്പാക്കുന്നത്.

സുജലം സുഫലം (കൃഷി) ഉപമിഷൻ ലക്ഷ്യമിടുന്നത് കേരളത്തിന്റെ മുഖ്യവിളയായ നെൽ കൃഷിയുടെ വ്യാപനം, ജൈവ കൃഷി രീതിയിലൂടെ പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത, ഫലവർഗ്ഗ വിളകളുടെ വ്യാപനം, കൃഷി, സംയോജിത കൃഷിരീതിയുടെ പ്രോത്സാഹനം, യന്ത്രവൽക്കരണത്തിന്റെ വിപുലീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ചെലവുകുറഞ്ഞ രീതിയിൽ കർഷകന് സാധ്യമാക്കുന്ന ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ വ്യാപനം, തരിശ്ശുഭൂമി പരമാവധി കൃഷിക്കായി ഉപയോഗപ്പെടുത്തൽ, കാർഷിക കർമസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ എന്നിവയാണ്.

നെൽകൃഷിയുടെ വിസ്തൃതി വിലവിലുള്ള 2 ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇതിനായി ഓരോ കൃഷി ഭവന്റെയും പരിധിയിൽ വരുന്ന പാടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ തരിശ്ശായി കിടക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ച്, കാരണം പരിശോധിച്ച് പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ എത്ര മാത്രം പരിഹരിക്കാമെന്നുള്ളതിന്റെ നിർദ്ദേശങ്ങൾ സ്വരൂപിച്ചുകൊണ്ട് അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൃഷിക്കാരന് കൃഷി ചെയ്യാൻ താൽപ്പര്യമില്ലാത്ത സ്ഥലങ്ങളിൽ പാടശേഖര സമിതി, കുടുംബശ്രീ/മറ്റു സ്വയം സഹായ സംഘങ്ങളെയോ, ഗ്രൂപ്പുകളെയോ ഉപയോഗിച്ച് കൃഷിയിറക്കുന്നതിന് വേണ്ട പ്രേരണയും പിന്തുണയും തദ്ദേശ ഭരണ സ്ഥപാനതലത്തിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർദരേഖ വിശദീകരിക്കുന്നു. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗും ഞാറ്റടി മുതൽ കൊയ്ത്ത് വരെയുള്ള പ്രവർത്തനങ്ങളിൽ പരമാവധി യന്ത്രവൽക്കരണത്തിന്റെ പ്രയോജനം മുഴുവൻ കർഷകർക്കും ലഭിക്കുന്നതിന് വേണ്ടി കാർഷിക കർമ്മസേന. അഗ്രോസർവ്വീസ് സെന്ററുകൾ, എം.കെ.എസ്.പി തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രം മാർഗ്ഗരേഖ വിശദീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും ഉൽപ്പാദിപ്പിക്കുന്ന അരി പ്രാദേശിക ബ്രാൻഡ് പേരിൽ സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി വിപണനം ചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളും മാർഗ്ഗരേഖ വ്യക്തമാക്കുന്നുണ്ട്.

പച്ചക്കറി രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനും, അതേ സമയം ജൈവ കൃഷി രീതിക്ക് ഊന്നൽ നൽകി കൊണ്ട് സുരക്ഷിത പച്ചക്കറി ഉൽപ്പാദനം സാധ്യമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ വിശദീകരിക്കുന്നു. ഇതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനാ

തിർത്തിക്കുള്ളിലും പച്ചക്കറി കൃഷിക്ക് സാധ്യമായ എല്ലാ സ്ഥലങ്ങളുടെയും (മട്ടുപ്പാവ് ഉൾപ്പെടെ പൊതുസ്ഥലങ്ങൾ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ പുറമ്പോക്കുകൾ, വഴിയോരങ്ങൾ, പുഴയോരങ്ങൾ) പട്ടിക തയ്യാറാക്കുകയും ഓരോ പ്രദേശത്തും പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനു സ്വീകരിക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ വ്യക്തമാക്കുന്നു. നിലവിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടത്തുന്ന പച്ചക്കറി കൃഷി കൃഷിക്കാരന് പരമാവധി ആദായം ലഭിക്കുന്ന രീതിയിൽ വിവിധ വിളകൾ കൃഷി ചെയ്യുന്ന സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനുള്ള സാധ്യതകളും നിർദ്ദേശിക്കുന്നു. ഹോർട്ടികോർപ്പ്, VFPCK, എക്കോ ഷോപ്പുകൾ, ആഴ്ച ചന്തകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി കൃത്യമായ വിപണന സൗകര്യം ഒരുക്കുന്നതിനും സാധ്യമായ സ്ഥലങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം സഹകരണ സംഘങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനും നിർദ്ദേശിക്കുന്നു.

സംസ്ഥാനത്ത് വ്യാപകമായി ഫലവൃക്ഷങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഇതിൽ തന്നെ അന്യം നിന്നു പോകുന്നതും നാടൻ ഇനങ്ങളുടെയും (ഉദാ: കപ്പവാഴ - തിരുവനന്തപുരം, ചെങ്ങാലിക്കോടൻ വാഴ - തൃശ്ശൂർ, കോട്ടുകോണം മാവ് - തിരുവനന്തപുരം, കുറ്റ്യാട്ടൂർ മാങ്ങ - കണ്ണൂർ) വ്യാപനം സാധ്യമാക്കുന്നതിനും അവലംബിക്കേണ്ട രീതികൾ മാർഗ്ഗരേഖ വിശദീകരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ എതൊക്കെ സ്ഥലത്ത് ഏതിനം തൈകൾ നടേണ്ടത് എന്നിവ സംബന്ധിച്ച പട്ടിക തയ്യാറാക്കുകയും പൊതു സ്ഥലങ്ങളിൽ നടുന്നതിന് സ്വയം സഹായ സംഘങ്ങളെയും സന്നദ്ധ പ്രവർത്തകരെയും സംഘടിപ്പിച്ചുകൊണ്ടുള്ള കാമ്പയിൻ രീതികളും മാർഗ്ഗരേഖ വിശദീകരിക്കുന്നു.

സംസ്ഥാന കാർഷിക രംഗത്തെ പ്രധാന പരിമിതി ആളോഹരി കൃഷി ഭൂമിയുടെ വിസ്തൃതി കുറവാണ് എന്നതാണ്. ഈ പരിമിതിയിൽ നിന്നുകൊണ്ട് കർഷകർക്ക് പരമാവധി ആദായം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണ് സംയോജിത കൃഷിരീതി. കൂടാതെ സംയോജിത കൃഷിയിലെ ഓരോ ഘടകത്തിന്റെയും ഉപോൽപ്പന്നങ്ങൾ മറ്റൊന്നിന് പ്രയോജനപ്പെടുത്താമെന്ന ഗുണവുമുണ്ട്. അതുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനും ജൈവ ആവാസ വ്യവസ്ഥയുടെ സുസ്ഥിരതയ്ക്കും സംയോജിത കൃഷി ഉപകരിക്കും. അധിക ഉൽപ്പാദനം ഉണ്ടാകുന്ന സമയത്തും, അല്ലാത്തപ്പോഴും കർഷകന് ഉൽപ്പന്നത്തിന് പരമാവധി ആദായം ലഭിക്കുന്നതിനുള്ള മൂല്യ വർദ്ധനക്കുള്ള നടപടികളും പ്രധാനമാണ്. ഇതിനായി സഹകരണ പ്രസ്ഥാനങ്ങളെ ഉപയോഗപ്പെടുത്തി ചെറുകിട-ഇടത്തരം അഗ്രോപാർക്കുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട നടപടികളും മാർഗ്ഗരേഖ വിശദമാക്കുന്നു.

## ലക്ഷ്യങ്ങൾ

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗങ്ങൾ) സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക, സ്ഥാപന തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതരകൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
4. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്ക്കരിക്കുക.
5. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവന മാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ പുരയിടങ്ങളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി കൃഷി, മൃഗ സംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനിച്ച കൃഷി തുടങ്ങിയ കാർഷിക അനുന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ച് കൊണ്ട് സംയോജിത കൃഷി രീതി അവലംബിക്കുന്നതാണ്.
2. നെൽകൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായെങ്കിലും വർദ്ധിപ്പിക്കുന്നതാണ്.

3. ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സജ്ജമാക്കി കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ, എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതാണ്.
4. യന്ത്രവൽക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവൽക്കരണം പ്രാവർത്തികമാക്കി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതാണ്.
5. സ്വയം സഹായ സംഘങ്ങളുടേയും ജോയിന്റ് ലയിലിറ്റി ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ തരിശു കിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.
6. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികൾ ഫലപ്രദമായി സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന സമീപനമായിരിക്കും സ്വീകരിക്കുക.
7. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ശക്തിപ്പെടുത്തുക.
8. സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ജൈവകൃഷിക്കുൾപ്പെടെ വായ്പാ സേവനങ്ങൾ മെച്ചപ്പെടുത്തുക, ഉല്പന്ന വിപണന സൗകര്യങ്ങൾ സംഘടിപ്പിക്കുക.
9. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ ഭക്ഷ്യയോഗ്യത മെച്ചപ്പെടുത്തുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

# വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി കാട്ടാക്കട നിയോജകമണ്ഡലം

## കാട്ടാക്കട നിയോജക മണ്ഡലം

തിരുവനന്തപുരം ജില്ലയിലെ രണ്ട് പ്രധാന നദികളായ നെയ്യാറും കരമനയാറും അതിരിടുന്ന കാട്ടാക്കട മണ്ഡലത്തിന് സമീപത്ത് വടക്ക് കിഴക്ക് ഭാഗത്തായി അരുവിക്കര, പേപ്പാറ, നെയ്യാർ ജലസംഭരണികൾ സ്ഥിതി ചെയ്യുന്നു. 113.80 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മണ്ഡലത്തിൽ ഒന്നാം നിര മുതൽ അഞ്ചാം നിര വരെയുള്ള തോടുകൾ 287 കിലോമീറ്ററോളം നീളത്തിൽ ഒഴുകുന്നു. ഊറ്റുകുഴികളും നീർക്കുളങ്ങളും ഉൾപ്പെടെ ചെറുതും വലുതുമായ 314 കുളങ്ങളും 43000 ത്തിലധികം കിണറുകളുമുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ 31 കിലോമീറ്ററോളം കനാൽ ഈ മണ്ഡലത്തിലൂടെ കടന്നു പോകുന്നു. പ്രകൃതിയുടെ വരദാനമായ ജലം ഭൂമിയിലേക്കാഴ്ന്നിറങ്ങാതെ,ഉയർന്ന സാന്ദ്രതയിൽ കാണപ്പെടുന്ന തോടുകളിലൂടെയും കൂടുതൽ ചരിവാർന്ന പ്രദേശങ്ങളിലൂടെ യും അതിവേഗം ഒഴുകി നഷ്ടപ്പെടുന്ന സാഹചര്യമാണ് മണ്ഡലത്തിൽ നിലനിന്നിരുന്നത്. ഇതെല്ലാം കൊണ്ട് തന്നെ മണ്ഡലത്തിലെ ജലദൗർലഭ്യത്തിന് അടിയന്തിര പരിഹാരം തേടേണ്ടത് അത്യാവശ്യമായിരുന്നു.

ചരിവ് കൂടുതലുള്ള പ്രദേശങ്ങളിലൂടെയുള്ള നീരൊഴുക്ക് ക്രമീകരിച്ച് പരമാവധി ജലം ഭൂമിയിൽ ആഴ്ന്നിറങ്ങുന്നതിനും അതിലൂടെ ജലസ്രോതസ്സുകളിൽ വെള്ളം എത്തിക്കുവാനും ഭൂഗർഭജലത്തിന്റെ ലഭ്യത മെച്ചപ്പെടുത്തി മണ്ഡലം ജലസമൃദ്ധമാക്കുന്ന തിനുമുള്ള ഒരു ജനകീയ സംരംഭമാണ് വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി. പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണത്തോടൊപ്പം ശരിയായ ജലവിനിയോഗത്തിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കുവാനുള്ള ജലസാക്ഷരതാ യജ്ഞത്തിനും മുൻതൂക്കം നൽകുന്നുണ്ട്.

അടിസ്ഥാന വിവര ശേഖരണം, ദ്വിതീയ വിവരങ്ങൾ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പ്രാദേശിക അഭിപ്രായങ്ങളും കൂടി പരിഗണിച്ചുള്ള പരിഹാരങ്ങളും നിർദ്ദേശിക്കുന്ന ജലവിഭവ പരിപാലനരേഖകേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക മേൽനോട്ടത്തിൽ തയ്യാറാക്കിയിരുന്നു.

പദ്ധതി രേഖയിൽ ഹ്രസ്വകാല കർമ്മ പരിപാടികളും ദീർഘകാല പരിപാടികളും ഉൾപ്പെടുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സു കൾ എങ്ങനെ ഉപയോഗപ്പെടുത്താം, നിലവിലുള്ള കുളങ്ങൾ, പൊതുക്കിണറുകൾ എന്നിവ എങ്ങനെ സംരക്ഷിച്ച് കൂടുതൽ ഉപയോഗ പ്രദമാക്കാം, പുതുതായി കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലസംഭരണം എങ്ങനെ സാധ്യമാക്കാം, കിണർ നിറയ്ക്കൽ ഉൾപ്പെടെ യുള്ള തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ അവലംബിക്കാം, ഓരോ പ്രദേ

ശത്തിനും അവലംബിക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് പരിപാലന രേഖയിലെ കർമ്മ പരിപാടികളിലുള്ളത്.

ജലസമൃദ്ധമായ കാട്ടാക്കട മണ്ഡലം, ജലസുരക്ഷ-ജീവസുരക്ഷ, ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലഗുണനിലവാര പരിശോധന, ജനകീയ ബോധവൽക്കരണ പരിപാടികൾ എന്നിവ ലക്ഷ്യമാക്കി ക്കൊണ്ടുള്ള പദ്ധതി 2017 ഏപ്രിൽ 14, കാർഷിക വർഷാരംഭദിനത്തിൽ ആരംഭിച്ചു. പ്രചരണ അവബോധപരിപാടികൾ, പരിശീലന പരിപാടികൾ, നിർമ്മാണപ്രവർത്തനങ്ങൾ, തുടർപരിപാലന പരിപാടികൾ എന്നിവയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കിയത്. തുടർന്ന് കിണറുകളിലെ ജലഗുണനിലവാര പരിശോധന കുളങ്ങൾ വൃത്തിയാക്കൽ, തോട്, കനാൽ, ശുചീകരണം, എന്നിവ നടപ്പിലാക്കി. തുടർന്ന് രണ്ടാം ഘട്ടമായി ജലസ്രോതസ്സുകളുടെ സംരക്ഷണവും നവീകരണവും, കിണർ റീചാർജ്ജ്, തടയണനിർമ്മാണം, മണ്ണുജലസംരക്ഷണ പരിപാടികൾ, മഴവെള്ളക്കൊയ്ത്ത് എന്നീ പ്രവർത്തനങ്ങൾ നടത്തി. ഈ പ്രവർത്തനങ്ങൾ ഗ്രാമ വികസന വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, ഭൂജല വകുപ്പ്, മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ്, മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ നിലവിലുള്ള പദ്ധതികളുടെ സംയോജനം, ജനകീയപ്രവർത്തനങ്ങൾ, സ്പോൺസറിങ് എന്നിവ വഴി നടത്തിയത്. പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കുന്നതിന് വിപുലമായ സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഹരിത കേരളം മിഷൻ ഊന്നൽ നൽകുന്ന ജല സംരക്ഷണ മേഖലയിൽ ഒരു മോഡൽ പദ്ധതി കൂടിയാണ് **വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി – കാട്ടാക്കട മണ്ഡലം.**

## പിന്നിട്ട ഒരു വർഷം ...............

- ലോക അന്താരാഷ്ട്ര ജലദിനമായ 2017 മാർച്ച് 22ന് ജലസമൃദ്ധി പദ്ധതിയുടെ ഉൽഘാടനം കരമനയാറിന്റെ തീരത്ത് നടന്നു.
- **ലക്ഷം വൃക്ഷം ലക്ഷ്യം:** ആദ്യ പ്രവർത്തനം വിഷു ദിനമായ ഏപ്രിൽ 14 ന് സുപ്രസിദ്ധ സിനിമാ താരവും നിയോജകമണ്ഡലത്തിലെ താമസക്കാരനുമായ ശ്രീ. ജഗതി ശ്രീകുമാർ അത്തിപ്പഴത്തിന്റെ വിത്തുകൾ പ്രശസ്ത കവി പ്രൊഫ. മധുസൂദനൻ നായർക്ക് നല്കിക്കൊണ്ട് ലക്ഷം വൃക്ഷം ലക്ഷ്യം പദ്ധതിയുടെ നിയോജകമണ്ഡല തല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- **വീട്ടിൽ ഒരു മഴക്കുഴി:** മറ്റൊരു ജനകീയ പ്രവർത്തനമായിരുന്നു വീട്ടിൽ ഒരു മഴക്കുഴിയെന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ പ്രത്യേക വാർഡ് സഭകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, യുവജനസംഘടനകൾ യൂത്ത് ക്ളബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ പ്രത്യേക യോഗങ്ങൾ ചേർന്ന് ജനപങ്കാളിത്തം ഉറപ്പാക്കിയിരുന്നു. നിയോജകമണ്ഡലതല ഉദ്ഘാടനം ലോക തൊഴിലാളി ദിനമായ 2017 മെയ് 1 ന് കുരുതംകോട് എൽ.പി.എസിൽ മഴക്കുഴി എടുത്ത് നിർവ്വഹിച്ചു.
- **കയർ ഭൂവസ്ത്രം:** വിളപ്പിൽ പഞ്ചായത്തിലെ മിണ്ണംകോട് കുളവും കാട്ടാക്കട പഞ്ചായത്തിലെ ചിറക്കുഴി കുളവുമാണ് കയർ ഗവേഷണകേന്ദ്രത്തിന്റെ സഹായത്തോടെ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചത്. തുടർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കുളങ്ങൾ ഏറ്റെടുത്ത് വരുന്നു.
- **കിണർ സംപോഷണം:** സംസ്ഥാന ഭൂജല വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ ആദ്യഘട്ടത്തിൽ കുളത്തുമ്മൽ ഹയർസെക്കൻഡറി സ്കൂൾ, കണ്ടല ഹൈസ്കൂൾ, മച്ചേൽ എൽ.പി.എസ്., നേമം യു.പി.എസ്, വിളവൂർക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകളിലാണ് കിണർ സംപോഷണംപൂർത്തീകരിച്ചത്. തുടർന്ന് 9 സ്കൂളുകളിൽനടപ്പിലാക്കി വരുന്നു.
- **ജല ഗുണനിലവാര പരിശോധന:** കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു.) നൽകിയ കിറ്റ് ഉപയോഗിച്ചാണ് ജലഗുണനിലവാര പരിശോധന നടത്തിയത്. ഓരോ വാർഡിൽ നിന്നും 150 മുതൽ 200 വരെ കിണറുകളിലെ pH, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, ഫ്ളൂറൈഡ് എന്നിവയാണ് പരിശോധിച്ചത്.
- **നീർത്തട സംരക്ഷണ യാത്ര:** ജലസമൃദ്ധമായ നാളേക്ക് വേണ്ടി മണ്ഡല അതിർത്തിയായ കാട്ടാക്കട പഞ്ചായത്തിലെ കടുവാക്കുഴി മുതൽ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് വരെ സംഘടിപ്പിച്ച നീർത്തട സംരക്ഷണ യാത്ര ശ്രദ്ധേയമായി. ഐ.ബി.

സതീഷ് എം.എൽ.എയും ജില്ലാ കളക്ടർ ഡോ. വാസുകിയും നേതൃത്വം നൽകിയ യാത്രയിൽ ജില്ലയിലെ വികസനവകുപ്പിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാരും പങ്കെടുത്തു. തോടിന്റെ തീരങ്ങളിൽ തൈകൾ നട്ടും, ജലപ്രതിജ്ഞ എടുത്തും തദ്ദേശവാസികൾ യാത്രയിൽ അണിചേർന്നു.

- **തോട് പുനഃസമർപ്പണം:** ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കടുവാക്കുഴി മുതൽ കല്ലുവരമ്പ് വരെ 6 കി.മീറ്റർ നീളം തോടിന്റെ ഇരുവശങ്ങളും വൃത്തിയാക്കി തടസ്സങ്ങളും മാലിന്യങ്ങളും നീക്കം ചെയ്ത് തോടിൽ നീരൊഴുക്ക് സാധ്യമാക്കുകയെന്നതായിരുന്നു ആദ്യ പ്രവർത്തനം. തുടർന്ന് ഫീൽഡ് പരിശോധനയിലൂടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി 19 ജൈവതടയണകളും, 29 ചാക്ക് തടയണകളും, 6 കല്ല് തടയണകളും നിർമ്മിച്ചു. ഒഴുകി നഷ്ടപ്പെടുമായിരുന്ന ജലത്തെ തടഞ്ഞു നിർത്തി ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിന് ഇതിലൂടെ അവസരമൊരുക്കി. ഈ തോടിൽ വന്നുചേരുന്ന 9 കൈതോടുകളിൽ 3 എണ്ണം വൃത്തിയാക്കി തോടിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം ജനുവരി പകുതിയോടെ തന്നെ നീരൊഴുക്ക് നിലച്ചു തുടങ്ങിയിരുന്ന ഈ തോടിൽ വിവിധ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ച് ജലസമൃദ്ധമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- **പാറ ക്വാറി കിണർ റീചാർജിംഗ്:** ജലക്ഷാമം രൂക്ഷമായ പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണൻകോട് വാർഡിൽ പാറ ക്വാറിയിലെ ജലം ഉപയോഗിച്ച് കിണർ റീചാർജിംഗ് നടത്തി. 25-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് സമീപത്തുള്ള ഒരു പാറ ക്വാറിയിൽ നിന്നും ഏകദേശം 500 അടി അകലത്തിൽ 200 അടി താഴ്ഭാഗത്തായി 2.10 മീ x 1.80 മീ x 1.50 മീ അളവിൽ ഒരു റീചാർജ് പിറ്റ് നിർമ്മിച്ച് ഹൈഡ്രോളിക് ഗ്രേഡിയന്റ് തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇഞ്ച് വ്യാസമുള്ള ഒരു പി.വി.സി. പൈപ്പിന്റെ സഹായത്തോടെ ക്വാറിയിൽ നിന്നും ജലം പിറ്റിലെത്തിച്ചു. ഈ പ്രവർത്തനത്തിലൂടെ സമീപത്തുള്ള 12 കിണറുകളുടെ ജലനിരപ്പ് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്.
- **കുളം നവീകരണം:** ഇന്നു വരെ അനുഭവിച്ച കുടിവെള്ള ക്ഷാമത്തെക്കാൾ അതിരൂക്ഷമായതാണ് വരാനിരിക്കുന്ന വേനൽക്കാലമെന്ന് ഓർത്ത് കുളങ്ങളെ ശരിയായ വിധത്തിൽ സംരക്ഷിക്കുകയും അവയുടെ സംരക്ഷണം ലളിതമായതും ചെലവു കുറഞ്ഞതുമായ രീതിയിൽ നടത്തേണ്ടതും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് തിരിച്ചറിഞ്ഞ് ജലസേചന വകുപ്പിന്റെ ഹരിത കേരളം മിഷൻ ഘടകത്തിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലത്തിലെ 10 കുളങ്ങൾ നവീകരിക്കുന്ന പണികൾ പുരോഗമിക്കുകയാണ്.

- **പുതിയ 150 കാർഷിക കുളങ്ങൾ:** സാമാന്യം മോശമല്ലാത്ത മഴ ലഭിക്കുന്നുണ്ടെങ്കിലും പ്രദേശത്തെ ഭൂഗർഭജല നിരക്ക് ആശങ്കാജനകമായി താഴുന്നതായിട്ടാണ് മുൻപഠനങ്ങളിൽ നിന്നും മനസ്സിലായത്. ചെറുതോടുകളുടെ സാന്ദ്രത കൂടുതലായതിനാലും നിമ്നോന്മമായ ഭൂപ്രകൃതിയായതിനാലും ലഭിക്കുന്ന മഴ വേഗത്തിൽ ഒഴുകി നഷ്ടപ്പെടുന്ന അവസ്ഥയാണ് കണ്ട് വരുന്നത്. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ഒരു വാർഡിൽ കുറഞ്ഞത് ഒരു പുതിയ കുളം നിർമ്മിക്കുകയെന്ന ലക്ഷ്യമിട്ട് 122 വാർഡുകളിലായി 150 പുതിയ കാർഷിക കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുളങ്ങൾ നിർമ്മിച്ചത്.
- **ചെറുതോടുകളുടെ നവീകരണം:** സാധാരണയിൽ നിന്ന് വ്യത്യസ്തമായി രണ്ടാം നിര, മൂന്നാം നിര തോടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കൃത്യമായ ഇടവേളകളിൽ (അമ്പത് മുതൽ നൂറു മീറ്റർ അകലത്തിൽ) ജൈവ തടയണകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും അത്തരത്തിൽ ഈ വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തനം നടത്തിയ എല്ലാ ചെറുതോടുകളിലും ജൈവ തടയണകളും കല്ലു തടയണകളും നിർമ്മിച്ചും ഇതിലൂടെ ജലത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും തോടുകളിൽ മഴക്കാലത്തിന് ശേഷവും ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്.
- **തോട് പുനരുജ്ജീവനം:** റവന്യൂ രേഖകളിൽ മാത്രം അവശേഷിക്കുന്ന ചെറുകോട് കുഞ്ചുകോണം തോട് ജനപ്രതിനിധിയുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും നിശ്ചയദാർഢ്യത്തിന്റെ ഫലമായി പുനർജനിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ചെറുകോട് കുഞ്ചുക്കോണം ഏലായുടെ സമീപത്തായി 30 വർഷത്തോളം മണ്ണ് മൂടി കിടന്ന തോടാണ് ഇപ്പോൾ പുനരുജ്ജീവിപ്പിച്ചത്. നിലവക്കാട് കുളത്തിൻ നിന്നും ആരംഭിച്ച് വിട്ടിയം അലകുന്നം തോടിലാണ് പുതിയ തോടിനെ ബന്ധിപ്പിച്ചത്.
- **സംഘടനകളുടെ സഹകരണം:** ജലസമൃദ്ധി പദ്ധതിയുമായി സഹകരിക്കുവാൻ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, നെഹ്റു യുവകേന്ദ്ര, നല്ലപാഠം, എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങി നിരവധി സംഘടനകൾ മുന്നോട്ടു വന്നു.
- **ജലമിത്ര സംഗമം:** പദ്ധതി ജനകീയമാക്കുന്നതിന് നേതൃപരമായ പങ്ക് വഹിക്കുന്നവരാണ് ജലമിത്രങ്ങൾ. സംസ്ഥാന യുവജനക്ഷേമ ബോർഡുമായി ചേർന്ന് ജലമിത്രങ്ങളുടെ ആദ്യസംഗമം 2017 ജൂലൈ 8 ന് മലയിൻകീഴ് ജി.എച്ച്.എസ്.എസ് ൽ നടന്നു.
- **സന്ദർശനങ്ങൾ:** ജലസമൃദ്ധി പദ്ധതിയുടെ വിജയഗാഥ നേരിട്ട് കാണുന്നതിനായി ജപ്പാനിലെ നിഹോൺ-ഫുക്കുഷി യൂണിവേഴ്സിറ്റിയുടെ പഠനസംഘം, സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറി ടിങ്കു ബിസ്വാൾ ഐ.എ.എസ്, ഹരിതകേരളം മിഷൻ

വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ, ജലവിഭവ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ, പദ്ധതി പ്രദേശം സന്ദർശിച്ച് പുരോഗതി വിലയിരുത്തി.

- **എൻ.എസ്എസ്. ക്രിസ്മസ് അവധിക്കാല ക്യാമ്പ്:** 15 വിദ്യാലയങ്ങളിൽ നിന്ന് തെരഞ്ഞടുക്കപ്പെട്ട എൻ.എസ്.എസ് വോളന്റിയർമാർ നിയോജക മണ്ഡലത്തിലെ 15 ജലസ്രോതസ്സു(തോട്/കുളം) കളുടെ സമീപത്തായി ഓരോ വിദ്യാലയത്തിൽ ക്യാമ്പു ചെയ്ത് ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. ഒറ്റത്തവണ പ്രവൃത്തിയായി അവസാനിപ്പിക്കാതെ ഈ ജലസ്രോതസ്സിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങളും വരും നാളുകളിൽ ഏറ്റെടുക്കുന്നതാണ്. കൈതോടുകൾ നവീകരിച്ചതിനോടൊപ്പം തോടിൽ ജലം തടഞ്ഞ് നിർത്താൻ കഴിയുന്ന ചെറിയ ജൈവ തടയണകളും, ചാക്ക് തടയണകളും, കല്ല് തടയണകളും സ്ഥലത്തിന് അനുയോജ്യമായതരത്തിൽ നിർമ്മിച്ചു. കൂടാതെ ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശങ്ങളിൽ (ജലസ്രോതസ്സിലേക്ക് വെള്ളം ഒഴുകി വരുന്ന പ്രദേശം) മഴക്കുഴികൾ നിർമ്മിച്ചും വൃക്ഷങ്ങളുടെ തടം വൃത്തിയാക്കിയും ജലം സംഭരിക്കാൻ കഴിയുന്ന സംവിധാനങ്ങൾ തദ്ദേശവാസികളുടെ സഹായത്തോടെ നടപ്പിലാക്കി. ക്യാമ്പിന്റെ ഭാഗമായി ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശത്ത് താമസിക്കുന്നവരുടെ വീടുകൾ സന്ദർശിച്ച് ജലവിനിയോഗത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജലസാക്ഷരതാ ക്യാമ്പയിൻനടത്തി.ക്യാമ്പ് അംഗങ്ങളായ വിദ്യാർത്ഥികൾ ജല സംരക്ഷണവുമായി ബന്ധപ്പെട്ട കലാപരിപാടികൾ തയ്യാറാക്കി അവതരിപ്പിച്ചു.

- **ജലസമൃദ്ധി വെബ്സൈറ്റ്. (www.jalasamrdhi.com)**

  വറ്റാത്ത ഉറവക്കായി ജലസമൃദ്ധി - കാട്ടാക്കട നിയോജക മണ്ഡലം പദ്ധതിയുടെ വെബ്സൈറ്റ് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രകാശനം നിർവ്വഹിച്ചു. ജലവിഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഭൂവിവരസംവിധാനത്തിന്റെ സഹായത്തോടെ സ്ഥലപരമായ ചട്ടക്കൂട്ടിൽ **ഭൂപടങ്ങൾ** എന്ന ലിങ്കിൽ ലഭ്യമാണ്. നാളിതുവരെ ഏറ്റെടുത്ത വിവിധങ്ങളായ പ്രവർത്തനങ്ങളുടെ വിവരങ്ങൾ **കർമ്മപഥത്തിലൂടെ** എന്ന ലിങ്കിൽ ലഭ്യമാണ്.

**ജലസമൃദ്ധിയിൽ നിന്ന് ജൈവസമൃദ്ധിയിലേക്ക്**

## നാളിതുവരെ.....

### കൊയ്ത്തുത്സവം

2017 ഡിസംബറിൽ കർഷക കൂട്ടായ്മയിലൂടെ നെൽ കൃഷിയിറക്കിയ കാട്ടാക്കട ഗ്രാമ പഞ്ചായത്തിലെ പ്ലാവൂർ വാർഡ് ഇളവൻകോണം ഏലായിൽ കൊയ്ത്തുത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചപ്പോൾ...






### തരിശുരഹിത കാട്ടാക്കട നിയോജകമണ്ഡലം

കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലസമൃദ്ധി പദ്ധതിയുടെ തുടർച്ചയായി തരിശുരഹിത കാട്ടാക്കട നിയോജകമണ്ഡലം എന്ന ലക്ഷ്യത്തിനായി ഹരിതകേരളം മിഷന്റെ സഹകരണത്തോട് കൂടി ജൈവസമൃദ്ധി പദ്ധതിക്ക് തുടക്കം കുറിക്കുന്നു...

ഇതിന്റെ ഭാഗമായുള്ള പ്രവർത്തനതലങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇന്ന് മണ്ഡലത്തിലെ തഹസിൽദാർമാർ, കൃഷി ഓഫീസർമാർ, പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർ, ഹരിത കേരളം മിഷൻ ഉദ്യോസ്ഥർ എന്നിവരുടെ ഒരു യോഗം ഇന്ന് മലയിൻകീഴ് എം.എൽ.എ ഓഫീസിൽ കൂടിയപ്പോൾ...




## പള്ളിച്ചൽ പഞ്ചായത്തിലെ സംയോജിത കൃഷി

പള്ളിച്ചൽ പഞ്ചായത്തിലെ മൂന്നാം വാർഡിലെ കണ്ണക്കോട് പ്രദേശത്ത് മൂന്നര ഏക്കർ വരുന്ന സ്ഥലത്ത് സംയോജിത കൃഷിയുടെ തുടക്കമായിരുന്നു...

പറമ്പിൽകോണം കുളം കേന്ദ്രമായിട്ട് മൂന്നര ഏക്കറിൽ ആണ് കൃഷി ആരംഭിക്കുന്നത്... അതിൽ ഒന്നര ഏക്കർ വരുന്ന തെങ്ങിൻ തോട്ടത്തിൽ തെങ്ങിനു ചുറ്റും ചാലുകീറി തൊണ്ടടുക്കി തടമുണ്ടാക്കി...

തെങ്ങിൻ തടങ്ങളിൽ ഇഞ്ചി, ചീര, വെള്ളരി എന്നിവ നടുന്നു...

ബാക്കി സ്ഥലങ്ങളിൽ ചേന, ചേമ്പ്, പാവൽ, പടവലം, പച്ചമുളക്, കത്തിരി, വഴുതന, മത്തൻ, ചീര എന്നിവ ഇടവിളകളായി നടുന്നു...

ഇതിന് വേണ്ടി ഇവിടെ ഒരു കുളം തൊഴിലുറപ്പ് തൊഴിലാളികൾ നിർമ്മിച്ചു...

കർഷക ഗ്രൂപ്പ് ഒരു പമ്പ് സെറ്റ് വാങ്ങി...

പൂർണ്ണമായും ജൈവകൃഷി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്...

തൊഴിലുറപ്പ് തൊഴിലാളികളോടൊപ്പം കഠിനാദ്ധ്വാനം ചെയ്ത് ഈ തരിശുകിടന്ന പുരയിടത്തെ കൃഷിക്ക് വേണ്ടി പരുവപ്പെടുത്താൻ നേതൃത്വം നൽകുന്നത് വാർഡംഗമായ ശ്രീ.വിശ്വംഭരൻ ആണ്...

ഇന്ന് കുളത്തിൽ നിന്നും പമ്പ് ചെയ്ത വെള്ളം കൃഷിയിടത്തിൽ വീണപ്പോൾ കൊച്ചു കുട്ടികളുടെ സന്തോഷത്തോടെ തുള്ളിച്ചാടി മെമ്പർ...

ഒരു വലിയ മാതൃക സൃഷടിക്കുമെന്ന വാശിയിലാണ്....

തരിശു കിടന്ന ഒന്നരയേക്കർ ഭൂമി കൃഷിക്ക് നൽകിയ ശ്രീമതി ഇന്ദിരാദേവിയും മകളും ആഹ്ലാദഭരിതമായ പ്രഭാതത്തിൽ ഒത്തുചേർന്നു...

ജലസമൃദ്ധി യിൽ നിന്ന് ജൈവസമൃദ്ധിയിലേക്ക് എന്ന ആശയ സാക്ഷാത്കാരത്തിനുള്ള ആവേശകരമായ തുടക്കം തന്നെയായി ഇത്....



## ആമച്ചൽ ഏലായിൽ നെൽകൃഷി

ഒരു കാലത്ത് കണ്ണെത്താദൂരത്തോളം പരന്നു കിടന്നിരുന്ന ആമച്ചൽ ഏലായിലെ നെൽപാടങ്ങൾ കാട്ടാക്കടയുടെ നെൽ കലവറ എന്നു തന്നെ പറയാവുന്ന ഒന്നായിരുന്നു...

എന്നാലിന്ന് പലവിധ കാരണങ്ങളാൽ നെൽകൃഷി ഇല്ലാതായി...

പ്രധാന വെല്ലുവിളി ജലദൗർലഭ്യം തന്നെയാണ്...

ആമച്ചൽ ഏലായിൽ നെൽകൃഷി പുനരാരംഭിക്കണമെന്ന ആഗ്രഹം...

നാട്ടുകാരുടെ... കർഷകരുടെ പിന്തുണ....

പിന്നീട് അതിനു വേണ്ടിയുള്ള ശ്രമങ്ങൾ... പഠനങ്ങൾ...

ഒടുവിൽ 93 ലക്ഷം രൂപയുടെ ഭരണാനുമതി...

അങ്ങനെ കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ കുളം നവീകരിച്ചു നെയ്യാറിൽ നിന്ന് ജലം എത്തിച്ചു 20 ഹെക്ടർ സ്ഥലത്തു നെൽകൃഷി ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി...

ഇതിന്റെ ഭാഗമായി ജലസേചന വകുപ്പിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീമതി ശ്രീകല അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു...

ജനപ്രതിനിധികളും ആമച്ചൽ ഏലായെ വീണ്ടെടുക്കണമെന്ന ആവശ്യം അവതരിപ്പിച്ച നാട്ടുകാരൻ കൂടിയായ കവി മുരുകൻ കാട്ടാക്കടയും കർഷകരും നാട്ടുകാരും ഉദ്യോഗസ്ഥർക്കും ടീം ജലസമൃദ്ധിക്കുമൊപ്പം ഉണ്ടായിരുന്നു...

കർഷകരും നാട്ടുകാരും പങ്കുവച്ച ആവശ്യങ്ങൾ കൂടി പരിഗണിച്ചു ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ വിശദമായ പദ്ധതിരേഖ തയ്യാറാകുന്നതോടെ ഈ പദ്ധതി യാഥാർഥ്യമാക്കാനാകുമെന്ന പ്രതീക്ഷയിലാണ് ഏവരും...



# വിളവൂർക്കൽ പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | വിളവൂർക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | പള്ളിച്ചൽ |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | ആറ്റിങ്ങൽ |
| വിസ്തീർണ്ണം | : | 10.50 ച.കി.മീറ്റർ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 31761 |
| സ്ത്രീകൾ | : | 16114 |
| പുരുഷൻമാർ | : | 15647 |
| പട്ടികജാതി ജനസംഖ്യ | : | 2579 |
| പട്ടികജാതി സ്ത്രീകൾ | : | 1291 |
| പട്ടികജാതി പുരുഷൻമാർ | : | 1288 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 68 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 38 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 30 |
| ആകെ തൊഴിലെടുക്കുന്നുവർ | : | 12222 |
| സ്ത്രീകൾ | : | 3265 |
| പുരുഷൻമാർ | : | 8957 |
| വാർഡുകൾ | : | 17 |
| അതിരുകൾ | | |
| വടക്ക് | : | വിളപ്പിൽ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | തിരുവനന്തപുരം കോർപ്പറേഷൻ |

## തരിശ്ശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | കർഷകന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി | പദ്ധതി |
|---|---|---|---|---|---|---|
| 1 | സന്ധ്യാറാണി,<br>ദേവതീർത്ഥം പൊറ്റയിൽ | 8 | 40 സെന്റ് | 359/9 - 2,9 - 1 | പച്ചക്കറി | തരിശ്ശ് ഭൂമി |
| 2 | ദീപ .എസ്<br>ദേവതീർത്ഥം പൊറ്റയിൽ | 8 | 40 സെന്റ് | 351/2, 359/5 | നെല്ല് | തരിശ്ശ് ഭൂമി |
| 3 | രാജ്മോഹൻ കോസ്മോ<br>ആശുപത്രിക്ക് സമീപം | 5 | 65 സെന്റ് | 71/6 | പച്ചക്കറി, വാഴ | തരിശ്ശ് ഭൂമി |
| 4 | ചന്ദ്രശേഖരൻ നായർ<br>രമ്യാ നിവാസ്<br>തുറവൂർ<br>പെരുകാവ് | 17 | 100 സെന്റ് | | പച്ചക്കറി വാഴ | തരിശ്ശ് ഭൂമി |
| 5 | | 9 | 14 സെന്റ് | | വാഴ | SHM |
| 6 | പത്മകുമാരി<br>സൗപർണ്ണിക<br>തുറവൂർ | 17 | 387 സെന്റ് | | പച്ചക്കറി വാഴ | തരിശ്ശ് ഭൂമി |
| 7 | ആഷിഷ്<br>കോചിറ<br>മലയിൻകീഴ് | | 100 സെന്റ് | | പച്ചക്കറി വാഴ | |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| വേങ്കൂർ (14) | 452 |

# പള്ളിച്ചൽ പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | പള്ളിച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | ആറ്റിങ്ങൽ |
| വിസ്തീർണ്ണം | : | 18.47 ച.കി.മീറ്റർ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 45219 |
| സ്ത്രീകൾ | : | 22987 |
| പുരുഷൻമാർ | : | 22232 |
| പട്ടികജാതി ജനസംഖ്യ | : | 6245 |
| പട്ടികജാതി സ്ത്രീകൾ | : | 3147 |
| പട്ടികജാതി പുരുഷൻമാർ | : | 3098 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 77 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 35 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 42 |
| ആകെ തൊഴിലെടുക്കുന്നുവർ | : | 16397 |
| സ്ത്രീകൾ | : | 4131 |
| പുരുഷൻമാർ | : | 12266 |
| വാർഡുകൾ | : | 23 |
| അതിരുകൾ | | |
| വടക്ക് | : | വിളവൂർക്കൽ & മലയിൻകീഴ് ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | കല്ലിയൂർ & വെങ്ങാനൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | ബാലരാമപുരം ഗ്രാമപപഞ്ചായത്ത് |
| പടിഞ്ഞാറ് | : | നേമം ഗ്രാമപഞ്ചായത്ത് |

## തരിശ്ശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | കർഷകന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി | |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| കണ്ണംകോട് (3) | 680 (367) |

# വിളപ്പിൽ പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | വിളപ്പിൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | |
| വിസ്തീർണ്ണം | : | 20.88 ച.കി.മീ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 36212 |
| സ്ത്രീകൾ | : | 18617 |
| പുരുഷൻമാർ | : | 17595 |
| പട്ടികജാതി ജനസംഖ്യ | : | 2655 |
| പട്ടികജാതി സ്ത്രീകൾ | : | 1389 |
| പട്ടികജാതി പുരുഷൻമാർ | : | 1266 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 236 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 121 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 115 |
| ആകെ തൊഴിലെടുക്കുന്നുവർ | : | 14768 |
| സ്ത്രീകൾ | : | 4530 |
| പുരുഷൻമാർ | : | 10238 |
| വാർഡുകൾ | : | 20 |
| അതിരുകൾ | | |
| വടക്ക് | : | അരുവിക്കര ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | വിളവൂർക്ക ൽ - മലയിൻകീഴ് ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | കാട്ടാക്കട - പൂവച്ചൽ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | കരമനയാറ് |

## തരിശ്ശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | കർഷകന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി | |
|---|---|---|---|---|---|---|
| 1 | | 1 | 2 ഏക്കർ | | വാഴ<br>പച്ചക്കറികൾ<br>കിഴങ്ങ് വർഗ്ഗങ്ങൾ | SHM,<br>VDP |
| 2 | | 2 | 50 സെന്റ് | | പച്ചക്കറികൾ | VDP |
| 3 | | 6 | 3 എക്കർ | | വാഴ<br>പച്ചക്കറികൾ | |
| 4 | | 9 | 2 എക്കർ | | വാഴ<br>പച്ചക്കറികൾ | VDP,<br>SHM |
| 5 | | 12 | 1 എക്കർ | | വാഴ<br>പച്ചക്കറികൾ | VDP,<br>SHM |
| 6 | | 16 | 3 എക്കർ | | വാഴ<br>പച്ചക്കറികൾ | VDP,<br>SHM |
| 7 | | 17 | 1 എക്കർ | | വാഴ<br>പച്ചക്കറികൾ | VDP,<br>SHM |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| വെള്ളെക്കടവ് (1) | 650 (536) |

# മാറനല്ലൂർ പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | മാറനല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | |
| വിസ്തീർണ്ണം | : | 24.94 ച.കി.മീ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 36832 |
| സ്ത്രീകൾ | : | 18883 |
| പുരുഷൻമാർ | : | 17949 |
| പട്ടികജാതി ജനസംഖ്യ | : | 5458 |
| പട്ടികജാതി സ്ത്രീകൾ | : | 2812 |
| പട്ടികജാതി പുരുഷൻമാർ | : | 2646 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 130 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 72 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 58 |
| ആകെ തൊഴിലെടുക്കുന്നുവർ | : | 14485 |
| സ്ത്രീകൾ | : | 4048 |
| പുരുഷൻമാർ | : | 10437 |
| വാർഡുകൾ | : | 21 |
| അതിരുകൾ | | |
| വടക്ക് | : | കാട്ടാക്കട ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കോട്ടുകാൽ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ ഗ്രാമപഞ്ചായത്ത്, നെയ്യാർ |
| പടിഞ്ഞാറ് | : | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് |

## തരിശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | കർഷകന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി | |
|---|---|---|---|---|---|---|
| 1 | ബിജു, നെട്ടറത്തല | | 60 സെന്റ് | 72/4 | നെല്ല് | |
| 2 | സുനിൽ കുമാർ, സുനിത | | 80 സെന്റ് | 23/24-1, 24/7, 37/14 | നെല്ല് | |
| 3 | രാജശേഖരൻ നായർ സൗപർണ്ണിക | | 40 സെന്റ് | 452/9, 455/13 | നെല്ല് | |
| 4 | അച്യുതൻ നായർ, നടു വീട് | | 70 സെന്റ് | 360/8 | പച്ചക്കറികൾ മരച്ചീനി | |
| 5 | ഗുരു ചൈതന്യ നിലയം, ചെങ്കള്ളൂർ | | 2 ഏക്കർ | 274/1, 274/3, 274/5 | പച്ചക്കറികൾ മരച്ചീനി | |
| 6 | ഉല്ലാസ്, ഉല്ലാസ് ഭവൻ | | 60 സെന്റ് | 253/6, 251/912 | വാഴ മരച്ചീനി | |
| 7 | | | 2 ഏക്കർ | | വാഴ | |
| 8 | പ്രഭാകരൻ നായർ | | 1.5 ഏക്കർ | 448/2, 448/3 | വാഴ പച്ചക്കറികൾ മരച്ചീനി | |
| 9 | ദേവരാജ് | | 20 സെന്റ് | 415/2 | വാഴ പച്ചക്കറികൾ മരച്ചീനി | |
| 10 | ജോയി കരിങ്ങൽ | | 10 സെന്റ് | 445/1 | വാഴ | |
| 11 | വിശ്വംഭരൻ | | 90 സെന്റ് | 480/15 | വാഴ പച്ചക്കറികൾ | |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| കരിങ്ങൽ (7) | 510 (567) |

# മലയിൻകീഴ് പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | മലയിൻകീഴ് |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | |
| വിസ്തീർണ്ണം | : | 16.40 ച.കി.മീ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 37068 |
| സ്ത്രീകൾ | : | 18951 |
| പുരുഷൻമാർ | : | 18117 |
| പട്ടികജാതി ജനസംഖ്യ | : | 3803 |
| പട്ടികജാതി സ്ത്രീകൾ | : | 1966 |
| പട്ടികജാതി പുരുഷൻമാർ | : | 1837 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 118 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 67 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 51 |
| ആകെ തൊഴിലെടുക്കുന്നുവർ | : | 14475 |
| സ്ത്രീകൾ | : | 4165 |
| പുരുഷൻമാർ | : | 10310 |
| വാർഡുകൾ | : | 20 |
| അതിരുകൾ | | |
| വടക്ക് | : | വിളപ്പിൽ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പള്ളിച്ചൽ - മാറനല്ലൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | കാട്ടാക്കട - മാറനല്ലൂർ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വിളവൂർക്കൽ - പള്ളിച്ചൽ ഗ്രാമപഞ്ചായത്തുകൾ |

## തരിശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | കർഷകന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി | |
|---|---|---|---|---|---|---|
| 1 | | 1 | 1.12 ഹെക്ടർ | | വാഴ പച്ചക്കറി | |
| 2 | | 3 | 0.1268 ഹെക്ടർ | | വാഴ പച്ചക്കറി | |
| 3 | | 5 | 0.025 ഹെക്ടർ | | വാഴ പച്ചക്കറി | |
| 4 | | 6 | 0.34 ഹെക്ടർ | | വാഴ പച്ചക്കറി | |
| 5 | | 8 | 0.0064 ഹെക്ടർ | | വാഴ പച്ചക്കറി | |
| 6 | | 9 | 0.4 ഹെക്ടർ | | വാഴ പച്ചക്കറി | |
| 7 | | 10 | 0.01268 ഹെക്ടർ | | വാഴ പച്ചക്കറി | |
| 8 | | 11 | 0.0094 ഹെക്ടർ | | വാഴ പച്ചക്കറി | |
| 9 | | 12 | 1.2 ഹെക്ടർ | | വാഴ പച്ചക്കറി | |
| 10 | | 13 | 0.026 ഹെക്ടർ | | വാഴ പച്ചക്കറി | |
| 11 | | 14 | 0.516 ഹെക്ടർ | | വാഴ പച്ചക്കറി | |
| 12 | | 17 | 0.00792 ഹെക്ടർ | | വാഴ പച്ചക്കറി | |
| 13 | | 20 | 0.0172 ഹെക്ടർ | | വാഴ പച്ചക്കറി | |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| മഞ്ചാടി (1) | 708 |

# കാട്ടാക്കട പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | : | കാട്ടാക്കട |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളനാട് |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| അസംബ്ലി മണ്ഡലം | : | കാട്ടാക്കട |
| പാർലമെന്റ് നിയോജകമണ്ഡലം | : | ആറ്റിങ്ങൽ |
| വിസ്തീർണ്ണം | : | 22.61 ച.കി.മീ |
| ജനസംഖ്യ (2011 കനേഷുമാരി) | : | 40448 |
| സ്ത്രീകൾ | : | 20610 |
| പുരുഷൻമാർ | : | 19838 |
| പട്ടികജാതി ജനസംഖ്യ | : | 4353 |
| പട്ടികജാതി സ്ത്രീകൾ | : | 2270 |
| പട്ടികജാതി പുരുഷൻമാർ | : | 2083 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 147 |
| പട്ടികവർഗ്ഗ സ്ത്രീകൾ | : | 78 |
| പട്ടികവർഗ്ഗ പുരുഷൻമാർ | : | 69 |
| ആകെ തൊഴിലെടുക്കുന്നുവർ | : | |
| സ്ത്രീകൾ | : | |
| പുരുഷൻമാർ | : | |
| വാർഡുകൾ | : | 21 |
| അതിരുകൾ | | |
| വടക്ക് | : | പൂവച്ചൽ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | മാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | നെയ്യാർ |
| പടിഞ്ഞാറ് | : | വിളപ്പിൽ - മലയിൻകീഴ് ഗ്രാമപഞ്ചായത്തുകൾ |

## തരിശ്ശ് സ്ഥലങ്ങൾ

| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് | വാർഡ് നം | വിസ്തീർണ്ണം | സർവ്വെ നമ്പർ | കൃഷി |
|---|---|---|---|---|---|
| 1 | പ്ലാവൂർ ഏല | | 1 ഹെക്ടർ | | |
| 2 | മംഗലയ്ക്കൽ ഏല | | 7 ഹെക്ടർ | | |
| 3 | ആമച്ചൽ (നാഞ്ചല്ലൂർ) | | 2 ഹെക്ടർ | | |

## ഹരിത സമൃദ്ധി വാർഡ്

| വാർഡ് നം | ആകെ കുടുംബങ്ങൾ |
|---|---|
| പ്ലാവൂർ (5) | |